**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 137** **23-08-2022 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വാടാനപ്പള്ളി പോലീസ് സ്റ്റേഷന് വാടാനപ്പള്ളി-തൃശ്ശൂർ പാതയുടെ സമീപത്ത് സ്വന്തമായുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 2,55,93,000/- (രണ്ട് കോടി അൻപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന് 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ആദ്യഗഡുവായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള ഭൂമി കേരള തണ്ണീർതട സംരക്ഷണ നിയമം അനുസരിച്ച് തരം മാറ്റി നൽകുന്നതിന് വാടാനപ്പള്ളി വില്ലേജ് ഓഫീസിലേക്ക് സമർപ്പിച്ച അപേക്ഷ തൃശ്ശൂർ റവന്യൂ ഡിവിഷൻ ഓഫീസിലേക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അടങ്കൽ തുക എത്രയാണെന്ന് അറിയിക്കാമോ; | (ബി) | എസ്റ്റിമേറ്റ് തയ്യാറാക്കിയതിൻ പ്രകാരമുള്ള അടങ്കൽ തുകയായ 2,55,93,000/- (രണ്ട് കോടി അൻപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ? | (സി) | 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ 50 ലക്ഷം രൂപ ആദ്യഗഡുവായി വകയിരുത്തിയിട്ടുണ്ട്. ഭൂമി തരം മാറ്റുന്നതിനുള്ള നടപടി തൃശ്ശൂർ റവന്യൂ ഡിവിഷൻ ഓഫീസിൽ നിന്ന് പൂർത്തിയാക്കി കേരള പോലീസ് ഹൗസിങ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് വർക്ക് ഓർഡർ നൽകുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ